# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.12/1325/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 30/10/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.12/1325/23 തീയ്യതി: 30/10/2023

## കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 02-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 44 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ജിതേന്ദ്രൻ.എ.ആർ | ഡെപ്യൂട്ടി ഡയരക്ടർ | 03-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.എസ്.എൽ.ഓഡിറ്റ് ഓഫീസർ ഹയർഗ്രേഡ്

ശ്രീ.ലീലാകൃഷ്ണൻ.എൻ.എം,ഓഡിറ്റ് ഓഫീസർ

ശ്രീ.മനോജ് കുമാർ.ടി.ജോർജ്,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.ധന്യ.എം.വി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ശ്രീനാഥ് വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുനിജ ബാലകൃഷ്ണൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.രാജസുന്ദരൻ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 05-04-2022 |
| ശ്രീ.കെ.വി.പ്രകാശൻ. | സെക്രട്ടറി | 06-04-2022 | 31-05-2022 |
| ശ്രീ.രാജസുന്ദരൻ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 02-06-2022 |
| ശ്രീ.ഷിഹാബ്.എം | സെക്രട്ടറി | 03-06-2022 | 15-10-2022 |
| ശ്രീ.രാജസുന്ദരൻ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-10-2022 | 27-10-2022 |
| ശ്രീ.ശ്രീകുമാർ.സി.കെ | സെക്രട്ടറി | 28-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ധന്യ.കെ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| ശ്രീ.രൂപേഷ്.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 13-09-2022 | 17-10-2022 |
| ശ്രീ.അഖിൽ.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 18-10-2022 | 31-03-2023 |
| ശ്രീ.നാരായണൻ.പി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ജോസഫ്.കെ.ജെ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.സുരേന്ദ്രൻ.ടിവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ക്രുവേരി) | 01-04-2022 | 31-03-2023 |
| ശ്രീ.അജൻ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(തടിക്കടവ്) | 01-04-2022 | 18-11-2022 |
| ശ്രീ.റനീഷ് കുമാർ.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(തടിക്കടവ്) | 19-11-2022 | 09-01-2023 |
| ശ്രീ.അജൻ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(തടിക്കടവ്) | 10-01-2023 | 31-03-2023 |
| ശ്രീമതി.ഹസീന.വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 24-02-2023 |
| ശ്രീമതി.ഷൈജ.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 25-02-2023 | 31-03-2023 |
| ഡോ.അരുൺ ശങ്കർ.യു | മെഡിക്കൽ ഓഫീസർ പി എച്ച് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | സി | | |
| ഡോ.മുഹമ്മദ്ബഷീർ | വെറ്റിനറി സർജൻ | 01-04-2022 | 15-08-2022 |
| ഡോ.അർജ്ജുൻ.കെ | വെറ്റിനറി സർജൻ | 16-08-2022 | 31-03-2023 |
| ശ്രീ.രാജസുന്ദരൻ.പി | അസിസ്റ്ററന്റ് സെക്രട്ടറി | 01-04-2022 | 31-10-2022 |
| ശ്രീ.അജയകുമാർ.ജി | അസിസ്റ്ററന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീമതി.ദീപ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മിനി നാരായണൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യ പത്രം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക- കുറിപ്പുകളും അനുപാതങ്ങളും ഇല്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക -അപാകം | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | ബി-18 ഷെഡ്യൂൾ അപാകങ്ങൾ | 1-1-4 |
| 6 | ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം | 1-1-5 |
| 7 | ലൈഫ് ഭവന വായ്പ-തുക കണക്കാക്കിയതിൽ പിഴവ് | 1-1-6 |
| 8 | അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണം | 1-1-7 |
| 9 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ഐ6 ഷെഡ്യൂളിൽ തെറ്റായി മൈനസ് എൻട്രി രേഖപ്പെടുത്തി | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(MNREGS) | 1-6 |
| 16 | ക്ഷേമ പെൻഷനുകൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 19 | ഗ്രാമ സഭ | 1-10 |
| 20 | കമ്മിറ്റികളുടെ പ്രവർത്തനവും പദ്ധതികളുടെ മോണിറ്ററിംഗും കാര്യക്ഷമമല്ല | 1-11 |
| 21 | ആസ്തി സംരക്ഷണം | 1-12 |
| 22 | ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭ്യമായിട്ടില്ല | 1-13 |
| 23 | തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകതകൾ | 1-14 |
| 24 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ | 1-15 |
| 25 | 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തെ നികുതിയിൽ നിന്ന് ഒഴിവാക്കി | 1-16 |
| 26 | കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-17 |
| 27 | ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണ് | 1-18 |
| 28 | അനധികൃത കെട്ടിട നിർമ്മാണം രജിസ്ററർ നിർദ്ദിഷ്ട മാതൃകയിലുള്ളതല്ല. | 1-19 |

| | | |
|---|---|---|
| 29 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകത | 1-20 |
| 30 | ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല. | 1-21 |
| 31 | റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-22 |
| 32 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുറികളുടെ വാടക ഈടാക്കിയതിലെ അപാകതകൾ | 1-23 |
| 33 | ലേലം അപാകതകൾ | 1-24 |
| 34 | ക്ഷീരകർഷകർക്ക് പാൽ വില സബ്സിഡി -മുഴുവൻ തുകയും നൽകിയില്ല | 1-25 |
| 35 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-26 |
| 36 | ഹോമിയോ ഹോസ്പിറ്റലിലേയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.330416 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 1-27 |
| 37 | ചപ്പാരപ്പടവ് പി.എച്ച്.സി ലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല.261302 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 1-28 |
| 38 | സാന്ത്വന പരിചരണ പദ്ധതി- മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല.131542 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 39 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവു ചെലവ് കണക്കുകൾ ഹാജരാക്കുന്നില്ല | 1-30 |
| 40 | പത്താമുദയം പദ്ധതി പൂർത്തിയായിട്ടില്ല - ചെലവ് തുക 74000 രൂപ തടസപ്പെടുത്തുന്നു. | 1-31 |
| 41 | എസ്.എസ്.എ ഫണ്ട് കൈമാറൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ചെലവ് തുക 800000 രൂപ തടസപ്പെടുത്തുന്നു. | 1-32 |
| 42 | അങ്കണവാടി പോഷകാഹാരം- 2% ജി എസ് ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-33 |
| 43 | കോക്ക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് ധനസഹായം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല -ചെലവ് തുക 100000 രൂപ തടസപ്പെടുത്തുന്നു. | 1-34 |
| 44 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -₹1000 അധികം അനുവദിച്ചു. | 1-35 |
| 45 | അങ്കണവാടികൾക്ക് നെയിം ബോർഡ് സ്ഥാപിക്കൽ - ആദയനികുതി ഈടാക്കിയിട്ടില്ല | 1-36 |
| 46 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.ഡെപ്പോസിറ്റ് തുക 2964893രൂപ തടസ്സപ്പെടുത്തുന്നു. | 1-37 |
| 47 | എ.ബി.സി പദ്ധതി -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല-ചെലവ് | 1-38 |

| | | |
|---|---|---|
| | തുക 100000 തടസ്സപ്പെടുത്തുന്നു. | |
| 48 | ഐ.കെ.എം വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ചെലവ് തുക 90950 രൂപ തടസ്സപ്പെടുത്തുന്നു. | 1-39 |
| 49 | സ്മാർട്ട് ഐ പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല -ചെലവ് തുക 50000രൂപ തടസ്സപ്പെടുത്തുന്നു. | 1-40 |
| 50 | വാഹന ഉപയോഗം- അപാകങ്ങൾ. | 1-41 |
| 51 | തനത് വരുമാന വർദ്ധനവ് -അവലോകനം | 1-42 |
| 52 | ഡെപ്പോസിറ്റ് പ്രവർത്തികൾ -അവലോകനം | 1-43 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രവൃത്തികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിനിയോഗം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ, വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യ പത്രം

1)കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 30-06-2023 തീയ്യതിയിലെ *143/2023* നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 3-08-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 31-03- 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

കണ്ണൂർ,
30.10.2023

## 1-1-1 വാർഷിക ധനകാര്യ പത്രിക- കുറിപ്പുകളും അനുപാതങ്ങളും ഇല്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 (2) പ്രകാരമുള്ള അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രിക -അപാകം

ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ ക്യാഷ് ഫ്ലോ പത്രികയിലെ ആ വർഷത്തെ ആകെ ക്യാഷ് ഫ്ളോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും

പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-1-4 ബി-18 ഷെഡ്യൂൾ അപാകങ്ങൾ

2022-23 വർഷം ചപ്പാരപ്പടവ് പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ ഡെപോസിറ്റ് പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യ പത്രം/പൂർത്തീകരണ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. ഇത്തരത്തിലുള്ള തുകകൾ ബാലൻസ് ഷീറ്റിലെ ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.അഡ്വാൻസ് തുക ആസ്തിയായി ഉൾപ്പെടുത്താതെ വിനിയോഗ തുക രേഖപ്പെടുത്തിയതിനാൽ ഭൂജല വകുപ്പിന്റെ പേരിൽ 27443 രൂപ മൈനസ് എൻട്രിയായി വന്ന സാഹചര്യം ഉണ്ടായി.

## 1-1-5 ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം

ദുരിതാശ്വാസ നിധി ഇനത്തിലുള്ള നീക്കിയിരിപ്പ് തുക ബി2 ഷെഡ്യൂൾ പ്രകാരം 13315 ആണ്. എന്നാൽ ബി 17, ആർ.പി. 40 (ബി), എന്നിവ പ്രകാരം 13515 ആണ്.

## 1-1-6 ലൈഫ് ഭവന വായ്പ-തുക കണക്കാക്കിയതിൽ പിഴവ്

ലൈഫ് ഭവന വായ്പ ഇനത്തിൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയ തുകയിൽ അപാകം കാണുന്നു. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക 8792407 ആയിരുന്നു. 2022-23ൽ തിരിച്ചടച്ച തുക 1534204 ആണ്. ബി5 ഷെഡ്യൂളിൽ നീക്കിയിരിപ്പ് ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9459589 ആണ്. ലൈഫ് ഭവന വായ്പ സംബന്ധിച്ച് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ അപാകം പൂർണ്ണമായി പരിഹരിച്ചിട്ടില്ല. തൻ വർഷത്തിൽ പഞ്ചായത്ത് വായ്പ എടുത്തിട്ടില്ല. എന്നാൽ സംസ്ഥാന വിഹിതമായി ലഭിച്ച തുക, ലോൺ തുകയിൽ ചേർത്തിരിക്കുന്നു. ഇത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-1-7 അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണം

അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണമാണ്. എം.ജി.എൻ.ആർ.ജി.എസ്. ഒഴികെയുള്ള ഇനങ്ങളിൽ വാർഷിക ധനകാര്യ പത്രികയിലെ മൊത്തം തുക വിശദാംശങ്ങളില്ലാതെ രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

## 1-1-8 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയതിലെ മെയിന്റനൻസ് ഫണ്ട് റോഡിതരം, ധനകാര്യ കമ്മീഷൻ അവാർഡ്, കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതങ്ങൾ എന്നിവയിലെ ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയുമായി യോജിക്കുന്നില്ല.

## 1-1-9 ഐ6 ഷെഡ്യൂളിൽ തെറ്റായി മൈനസ് എൻട്രി രേഖപ്പെടുത്തി

ജേണൽ ചെയ്തതിലെ അപാകം മൂലം ഐ-6 ഷെഡ്യൂളിൽ 160100681 എന്ന ഹെഡ്ഡിൽ തെറ്റായി മൈനസ് എൻട്രി രേഖപ്പെടുത്തി

## 1-2 ബജറ്റ്

ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 30-3-2022ലെ 7/34/22 നമ്പർ യോഗതീരുമാന പ്രകാരം അംഗീകരിച്ച 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് ചുവടെ കൊടുക്കുന്നു.

| ബജറ്റ് | |
|---|---|
| മുൻബാക്കി | 3359354 |
| വരവ് | 186871000 |
| ആകെ | 190230354 |
| ചെലവ് | 170601731 |

| | |
|---|---|
| നീക്കിയിരിപ്പ് | 19628623 |

| പുതുക്കിയ ബജറ്റ് | |
|---|---|
| മുൻബാക്കി | 41736590 |
| വരവ് | 253711842 |
| ആകെ വരവ് | 295448432 |
| ചെലവ് | 255709160 |
| നീക്കിയിരിപ്പ് | 39739272 |

17-3-2023 ലെ 1/62/2023 തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 35406413.00 |
| വരവ് തുക | 55997131.00 |
| ആകെ | 91403544.00 |
| ചെലവ് തുക | 46099990.00 |
| നീക്കിയിരിപ്പ് | 45303554.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4903103 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 29008000 | 29008000 | 29008000 | - |
| വികസന ഫണ്ട് (എസ്.സി.പി.) | - | 2860000 | 2860000 | 2860000 | - |
| വികസന ഫണ്ട് (ടി.എസ്.പി.) | - | 734000 | 734000 | 734000 | - |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 37346000 | 37346000 | 28907900 | 8438100 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 7237000 | 7237000 | 5524787 | 1712213 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 4096416 | 4658318+ 399062 (പലിശ) | 9153796 | 4602591 | 4551205 |
| സെൻട്രൽ ഫിനാൻസ് | 4001272 | 11557556 | 15558828 | 7040063 | 8518765 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | | | | | |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 76576 | 40003840 | 40080416 | 40072396 | 8020 |
| ഐ.സി.ഡി.എസ് | 344681 | 2149226 | 2493907 | 1005726 | 1488181 |
| എസ്.എസ്.എ | 33778 | 862 | 34640 | - | 34640 |
| ടി.എസ്.സി. ഒ.ഡി.എഫ് | 591793 | - | 591793 | - | 591793 |
| ടി.എസ്.സി | 194819 | 985277 | 1180096 | 985277 | 194819 |
| അഗതി രഹിത കേരളം ചലഞ്ച് ഫണ്ട് മുതലായവ | 1334744 | 6907 | 1341651 | 132620 | 1209031 |
| ഹെൽത്ത് മിഷൻ അവാർഡ് | 7393 | - | 7393 | - | 7393 |
| സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട് മെന്റ് | 44000 | - | 44000 | 43049 | 951 |
| ആയുർവേദ വകുപ്പ് | 11772 | - | 11772 | - | 11772 |
| വിമുക്തി , ഗ്രീഷ്മോത്സവം മുതലായവ | 53490 | - | 53490 | 6500 | 46990 |
| ശുചിത്വ മിഷൻ ഗ്രാന്റ് സോളിഡ് വേസ്റ്റ് മാനേജ് മെന്റ് | 12697 | - | 12697 | - | 12697 |
| ആശ്രയ | 258480 | - | 258480 | - | 258480 |
| എം.പി. ഫണ്ട് | 5609 | 152 | 5761 | - | 5761 |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | - | 388485 | 388485 | 128942 | 259543 |
| ഹെൽത്ത് ഗ്രാന്റ് കൺവെർഷൻ ഓഫ് റൂറൽ പി.എച്ച്.സി. | - | 219601 | 219601 | 88000 | 131601 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 288 | 171209456 | 209 | 96182020 | 82 | 127 | 79 | 44 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 2597130 | 2576482 | 99 |
| വെറ്റിനറി സർജൻ | 7 | 7 | 5535267 | 2879419 | 83 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 16 | 13 | 4661359 | 3918923 | 84 |
| മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 2 | 2 | 566100 | 565000 | 99 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 140000 | 120000 | 86 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27 | 24 | 44960390 | 18925433 | 42 |
| ഐസിഡിഎസ് സൂപ്പർവൈസർ | 8 | 7 | 8206950 | 6539841 | 80 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 42 | 27 | 15825951 | 9334537 | 59 |
| ഹെഡ് മാസ്റ്റർ, ഗവ.എൽ പി സ്കൂൾ | 13 | 13 | 1855000 | 1721763 | 93 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 155 | 99 | 84463609 | 47568055 | 56 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1400000 | 1210258 | 86 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 997700 | 822309 | 82 |
| ആകെ | 288 | 209 | 171209456 | 96182020 | 56 |

ആകെ അംഗീകരിച്ച പ്രൊജക്ടുകളിൽ 44% മാത്രമാണ് നിർവഹണം നടത്തിയിരിക്കുന്നത്. ആകെ അടങ്കൽ തുകയുടെ 56% മാത്രമാണ് ചെലവ് ചെയ്തിരിക്കുന്നത്. എന്നാൽ സെക്രട്ടറി, അസി.എഞ്ചിനീയർ, വി.ഇ.ഒ ഒഴികെ മറ്റ് എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ശരാശരി 90% ൽ അധികം തുക ചെലവഴിച്ചിട്ടുണ്ട്. വിവിധ ഫണ്ടുകളുടെ ഇനം തിരിച്ചുള്ള ചെലവ് ശതമാനവിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ട് വിവരം | ലഭിച്ച തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| വികസന ഫണ്ട് | 2908000 | 29008000 | 100 |
| എസ്.സി.പി ഫണ്ട് | 2860000 | 2860000 | 100 |
| ടി എസ് പി ഫണ്ട് | 734000 | 734000 | 100 |
| മെയിന്റയിനൻസ് ഫണ്ട് റോഡ് | 37346000 | 28907900 | 77 |
| മെയിന്റയിനൻസ് ഫണ്ട് റോഡിതരം | 7237000 | 5524787 | 76 |

മെയിന്റയിനൻസ് ഫണ്ട് റോഡ്, മെയിന്റയിനൻസ് ഫണ്ട് റോഡിതരം എന്നിവയുടെ ചെലവ് ശതമാനം ശരാശരി 75% ആണ്. എന്നാൽ വികസനഫണ്ട്, എസ്.സി.പി ഫണ്ട്, ടി എസ് പി ഫണ്ട് എന്നിവ 100% ചെലവഴിച്ചിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്.

## 1-6 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(MNREGS)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ഭരണ ചെലവ് | 76576 | 499591 | 576167 | 568147 | 8020 |
| തൊഴിൽകൂലി + മെറ്റീരിയൽ | - | 39504249 | 39504249 | 39504249 | - |
| ആകെ | 76576 | 40003840 | 40080416 | 40072396 | 8020 |

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് മറ്റ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. 2022-23 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരം, ജലസംരക്ഷണ പ്രവൃത്തികൾ, തൊഴുത്ത് നിർമാണം, നടപ്പാത നിർമാണം തുടങ്ങി ആകെ 1459 എണ്ണം പ്രവൃത്തികൾ ഉൾപ്പെടുന്നുണ്ട്. എന്നാൽ ആകെ 239 എണ്ണം പ്രൊജക്ടുകൾ മാത്രമാണ് നിർവഹണം നടത്തിയിട്ടുള്ളത് എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (15/23-7-23) മറുപടിയായി അറിയിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ നിർവഹണത്തിൽ കുറവ് വന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2. തൊഴിലുറപ്പ് പദ്ധതി പ്രകാരം നാളിതുവരേയും ആകെ 4818 എണ്ണം തൊഴിൽകാർഡുകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 408 തൊഴിൽകാർഡ് ഉടമകൾക്ക് 2022-23 സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ ലഭ്യമായിട്ടുണ്ട്. മുഴുവൻ തൊഴിൽ കാർഡ് ഉടമകൾക്കും 100 തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്ന വിധത്തിൽ പ്രവൃത്തികൾ ക്രമീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമ പെൻഷനുകൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4794000 | 482 |
| തൊഴിൽ രഹിത വേതനം | 14640 | 21 |
| വിധവാപെൻഷൻ | 14808200 | 1431 |
| വാർദ്ധക്യകാല പെൻഷൻ | 29571200 | 3083 |
| ഭിന്നശേഷിക്കാരുടെ പെൻഷൻ | 4014600 | 374 |
| അവിവാഹിത പെൻഷൻ | 449400 | 43 |
| വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4.08.2023 തീയ്യതിയിൽ 12.30 PM സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് തുക 1000രൂപ യുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ

ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. എന്നാൽ ഡെപോസിറ്റ്, അഡ്വാൻസ് രജിസ്ററുകൾ എന്നിവ ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി 2022-23 ൽ 3 തവണ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. അസറ്റ് രജിസ്ററർ 2022 ഡിസംബർ വരെയുള്ള വിവരങ്ങൾ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്. സേവനങ്ങൾക്കുള്ള ഏകജാലകസംവീധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഓഫീസിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ടി സമയാസമയങ്ങളിൽ നിർദേശങ്ങൾ ഉൾപ്പെടുത്തി ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കുകയും പ്രതിമാസം ഓഫീസ് യോഗങ്ങൾ ചേർന്ന് നിർദേശം നൽകുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തതായി കാണാൻ കഴിഞ്ഞു.പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
ഈ സാഹചര്യത്തിൽ ഓഫീസിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-10 ഗ്രാമ സഭ

ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിൽ ആകെ 18 വാർഡുകൾ ഉണ്ട്. 2022-23 വർഷത്തെ ഗ്രാമ സഭ മിനുട്സ് പരിശോധിച്ചതിൽ, വർഷത്തിൽ 4 തവണ ഗ്രാമ സഭ ചേർന്നതായി കാണുന്നു. 5/22, 8/22, 9/22, 12/22 എന്നീ മാസങ്ങളിൽ ആണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3-3പ്രകാരം വർഷത്തിൽ നാലുമാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമ സഭ യോഗം ചേരണമെന്നത് പാലിച്ചിട്ടുണ്ട്. എല്ലാ യോഗങ്ങളിലും ക്വാറം തികഞ്ഞിട്ടുണ്ട്. 2022-23 വർഷത്തെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്, മാലിന്യമുക്ത കേരളം, 2023-24 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കൽ, ഓഡിറ്റ് റിപ്പോർട്ട് ഉടങ്ങിയവ ഗ്രാമസഭയിൽ ചർച്ച ചെയ്തിട്ടുണ്ട്.

## 1-11 കമ്മിറ്റികളുടെ പ്രവർത്തനവും പദ്ധതികളുടെ മോണിറ്ററിംഗും കാര്യക്ഷമമല്ല

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവർഷമെന്ന നിലയിൽ 2022-23 വർഷത്തിൽ ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന്റെ സ്ററാററസ് റിപ്പോർട്ടിന്റെ (അവസ്ഥാ രേഖ) അടിസ്ഥാനത്തിൽ 18-6-22 ന് വികസന സെമിനാർ നടത്തുകയും വികസന രേഖയും പദ്ധതി രേഖയും തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ തലത്തിലുള്ള 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 3 തവണ ചേർന്നിട്ടുണ്ട്. പദ്ധതി രൂപീകരണവും വിവിധ പ്രവൃത്തികൾ കാര്യക്ഷമമായി നിർവഹണം നടത്തി എന്നത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്തമാണ്. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ യഥാസമയം നടത്തേണ്ടതും പദ്ധതി നിർവഹണ സമയത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതും പദ്ധതി നിർവഹണം പ്രൊജക്ടിൽ വിഭാവന ചെയ്ത വിധം നിർവഹിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ, മോണിററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച്, പ്രോജക്ടുകളുടെ നിർവഹണം മോണിറ്റർ ചെയ്യണം. പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)നം.84/2022 ത.സ്വ.ഭ.വ. തീയതി 19.04.2022 പദ്ധതി മാർഗരേഖ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 14.1 അനുസരിച്ച് പ്രൊജക്റ്റ് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവഹിക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പിലെ വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻ ഉൾപ്പെടെ ചുരുങ്ങിയത് മൂന്നു അംഗങ്ങളെ എങ്കിലും ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതുണ്ട്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ 2022-23 വർഷത്തെ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗത്തിലും മിനുട്സിലും മോണിറ്ററിംഗ് സംബന്ധിച്ച് ഒരു ചർച്ചയും നടന്നിട്ടില്ല എന്ന് ആയത് സംബന്ധിച്ച മിനുട്സ് പരിശോധനയിൽ വ്യക്തമാണ്. ഓഡിറ്റ് കാലയളവിൽ ഇത്തരത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ്

കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല. പ്രോജക്ട് മോണിറ്ററിംഗ് കുറ്റമറ്റരീതിയിൽ നടത്തേണ്ടതായുണ്ട്. ബിൽ തുക അനുവദിക്കുന്നതിനു മുൻപ് കൃഷി ഓഫീസർ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവരുടെ പ്രൊജക്ടുകൾ ഒഴികെ മറ്റ് നിർവഹണ ഉദ്യോഗസ്ഥർമാരുടെ പ്രൊജക്ടുകൾ അതത് വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മിറ്റികൾ ഗുണനിലവാരവും പൂർത്തീകരണവും മോണിററിംഗ് നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പൊതുമരാമത്ത് പ്രൊജക്ടുകൾ സംബന്ധിച്ച പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രവും പ്രൊജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്താത്തതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/8-8-23) മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. പദ്ധതി അവലോകനത്തിന് സോഷ്യൽ ഓഡിറ്റ് സംവിധാനവും ഉപയോഗപ്പെടുത്താവുന്നതാണ്. മേൽ വിഷയം സംബന്ധിച്ച് അതത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 ആസ്തി സംരക്ഷണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കണമെന്ന് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ കൈവശമുള്ള ആസ്തികളുടെ ശരിയായ കണക്ക് ഉണ്ടാക്കുന്നതിനും അവയുടെ കൃത്യമായ പരിപാലനം ഉറപ്പ് വരുത്തുന്നതിനും ഇത് അത്യാവശ്യമാണ്.

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച സർക്കാരിന്റെ 19-04-2022തീയതിയിലെ സ.ഉ (കൈ) നം.84/2022/തസ്വഭവ ഉത്തരവിലെ ഖണ്ഡിക നമ്പർ 6.8(1),(2) പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതുമുണ്ട്. സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നതനിലവാരത്തിലേക്കുയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങളാണ് ആസ്തി സംരക്ഷണപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി ഐ എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തേണ്ടതുമാണ്. ഓൺലൈനായി ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ മുഴുവൻ വിവരങ്ങൾ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കിയിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/4-8-23 ന് മറുപടിയായി, ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനായി 2023-24 വർഷത്തിൽ 10 ലക്ഷം രൂപ വകയിരുത്തികൊണ്ട് കണ്ണൂർ വിവര സഞ്ചയിക എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച നടപടിക്രമങ്ങളിലൂടെ ചപ്പാരക്കടവ് ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ ശരിയായ സൂക്ഷിപ്പും പരിപാലനവും ഉറപ്പ് വരുത്തണമെന്നും ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ് എന്നും ഓഡിറ്റ് നിർദ്ദേശിക്കുന്നു. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കി അറിയിക്കേണ്ടതുമാണ്.

## 1-13 ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭ്യമായിട്ടില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളതും ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന് 2022-23 വർഷം വരെ ലഭിക്കേണ്ടതുമായ ടെണ്ടർ ഫീയുടെ വർഷം തിരിച്ചുള്ള വിവരം ഹാജരാക്കേണ്ടത് സംബന്ധിച്ച് 5.8.2023 ന് നൽകിയ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന് ടെണ്ടർ ഫീ ഇനത്തിൽ 2022-23 സാമ്പത്തിക വർഷം വരെ 515196 രൂപ ലഭിക്കാനുണ്ടെന്നും ഇതിൽ 315361 രൂപ 24.6.2023 ന് പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടെന്നും ബാക്കി 199835 രൂപ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 199835 കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകതകൾ

ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ കാണാൻ സാധിച്ചു.

A) ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ കാണാൻ സാധിച്ചു.

| സ്ഥാപനം | പേര് | തസ്തിക | അർദ്ധ വർഷം | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| CHC ഒടുവള്ളിത്തട്ട് | ഡോ നിഷി സലീം | അസിസ്റ്റന്റ് സർജൻ | II | 3,09,600 | 1000 | 1250 | 250 |
| ലിംറ ഇൻഡസ്ട്രീസ് | റിങ്കു സബു | കെമിസ്റ്റ് | I | 48,000 | 300 | 450 | 150 |
| | | | II | 48,000 | 300 | 450 | 150 |
| മാസ്കോട്ട് ഇൻഡസ്ട്രീസ് | വിശ്വനാഥൻ | ലഭ്യമല്ല | I | 48,000 | 300 | 450 | 150 |
| | | | II | 48,000 | 300 | 450 | 150 |

B) ഗ്രാമ പഞ്ചായത്ത് പരിധിയിലെ അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ , റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല

C) ഗ്രാമ പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല.

D) നിരവധി സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേണുകളിൽ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈടാക്കിയ നികുതി തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 42/10.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഇനത്തിൽ കുറവ് വന്ന തുകകൾ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 1-15 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 40 രൂപയും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ എന്നിവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 50 രൂപയുമാണ്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ചുവടെ ചേർത്ത വാണിജ്യ കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിൽ കുറവുള്ള ഗണത്തിൽപെടുത്തിയാണ് വസ്തുനികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് | അസസ്മെന്റ് വർഷം |
|---|---|---|---|---|---|---|
| 1 | അൽമഖർസുന്നിയുൽ ഇസ്ലാമിയ കമ്മിറ്റി പ്രസിഡണ്ട് | 13/558 D | താഴത്തെ നില 168.96 ച.മീ | 40 | 50 | 2019-20 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/09.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തി പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-16 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തെ നികുതിയിൽ നിന്ന് ഒഴിവാക്കി

സ.ഉ. (എം.എസ്) 358/15 തി.16.12.2015 പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിടത്തിന് നികുതി ചുമത്തിയിട്ടില്ലെന്ന് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | അസസ്മെന്റ് വർഷം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|---|
| 1 | 2/96 | 94 ച.മീ | 2014-15 | ജോസ് വടക്കേക്കുറ്റ് | രേഖപ്പെടുത്തിയിട്ടില്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31/09.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടത്തിന് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| വാർഡ് നം./ കെട്ടിട നം. | കെട്ടിട ഉടമ | ഉപയോഗക്രമം | കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| 2/187 | വില്ലേജ് ഓഫീസ് എരുവാട്ടി | ഓഫീസ് ആവശ്യത്തിനുള്ളവ | 4693 | 2020 ആദ്യ പകുതി മുതൽ |
| 14/353 | പുതിയവീട്ടിൽ ബിനു മഹേഷ് | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 65,102 | 2011 ആദ്യ പകുതി മുതൽ |
| 14/354 | പുതിയവീട്ടിൽ ബിനു മഹേഷ് | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 8,322 | 2011 ആദ്യ പകുതി മുതൽ |
| 14/415 A | കെ.പി മുജീബ് | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 14,860 | 2018 ആദ്യ പകുതി മുതൽ |
| 14/415 B | ഖാലിദ് പി പറമ്പത്ത് | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 83,160 | 2018 ആദ്യ പകുതി മുതൽ |
| 14/420 A | മുഹമ്മദ് ഷാഫി പി.സി.പി | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 27,490 | 2018 ആദ്യ പകുതി മുതൽ |
| 14/420 B | ഏലിയാസ് എം.വി | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 31,765 | 2018 ആദ്യ പകുതി മുതൽ |
| 14/420 C | സുഭാഷ് കാലിക്കോട്ട് | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ്, | 12,474 | 2021 ആദ്യ പകുതി |

| | | | | |
|---|---|---|---|---|
| | | 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | | മുതൽ |
| 14/420 E | എം കെ അബ്ദുൾ റഷാദ് | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 10,585 | 2018 ആദ്യ പകുതി മുതൽ |
| 14/420 F | ഒരുമ പ്ലാസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 36,612 | 2020 ആദ്യ പകുതി മുതൽ |
| 14/420 H | ഫൈസൽ നായക്കൻ പുതിയപുരയിൽ | മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 12,415 | 2021 ആദ്യ പകുതി മുതൽ |
| 16/211 | തഹസിൽദാർ തളിപ്പറമ്പ താലൂക്ക് | ഓഫീസ് ആവശ്യത്തിനുള്ളവ | 4735.8 | 2020 ആദ്യ പകുതി മുതൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32/09.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക തുക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-18 ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണ്

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിൽ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണെന്ന് കാണാൻ സാധിച്ചു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | വാർഡ്/കെട്ടിട നമ്പർ | ഉപയോഗക്രമം |
|---|---|---|---|---|
| 18 | എം പി ഹാഷിം | പെട്രോൾ പമ്പ് | 13/569 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) |
| 23 | നാരായണൻ ടി | ഓട്ടോ മൊബൈൽ ഷോപ്പ് | 14/421 | പാർപ്പിടാവശ്യം |
| 47 | പി മുഹമ്മദലി | മലഞ്ചരക്ക് വ്യാപാരം | 11/231 | പാർപ്പിടാവശ്യം |
| 51 | ജോൺസൺ എം ജെ | മലഞ്ചരക്ക് വ്യാപാരം | 11/355 | പാർപ്പിടാവശ്യം |
| 71 | എം ജെ അഗസ്റ്റിൻ | ഹോമിയോ മരുന്ന് സ്റ്റോക്ക് | 1/621 B | പാർപ്പിടാവശ്യം |
| 120 | സക്കീർ ഹുസൈൻ | മൊബൈൽ ഷോപ്പ് | 1/142 | പാർപ്പിടാവശ്യം |
| 151 | മുഹമ്മദ് | സോഫ | 12/551 | ആരാധനാലയങ്ങൾ |

| | | | | |
|---|---|---|---|---|
| | റാഫി | വർക്ക് | | |
| 241 | അബ്ദുള്ള പി ടി | പലചരക്ക് കച്ചവടം | 18/160 | പാർപ്പിടാവശ്യം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 48/11.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ കെട്ടിടങ്ങളുടെ ഉപയോഗ ക്രമം പരിശോധിച്ച് ആവശ്യമാണെങ്കിൽ പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ ഉപയോഗ ക്രമം സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-19 അനധികൃത കെട്ടിട നിർമ്മാണം രജിസ്ററർ നിർദ്ദിഷ്ട മാതൃകയിലുള്ളതല്ല.

സഞ്ചയ പ്രകാരം ഗ്രാമ പഞ്ചായത്തിൽ നാല് അനധികൃത കെട്ടിടങ്ങളാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗ ക്രമം |
|---|---|---|---|
| 1 | XII/446 A | മലിക്കന്റകത്ത് അയിഷാബി | പാർപ്പിടാവശ്യം |
| 2 | XII/446 B | | പാർപ്പിടാവശ്യം |
| 3 | XII/446 C | | പാർപ്പിടാവശ്യം |
| 4 | XII/446 D | | പാർപ്പിടാവശ്യം |

തദ്ദേശ സ്വയംഭരണ വകപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ1/2014/തസ്വഭവ നമ്പർ സർക്കലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിപാലിക്കേണ്ട അനധികൃത നിർമ്മാണ രജിസ്റ്ററിന്റെ മാതൃക പ്രസ്തുത സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല. ആയതിനാൽ ഈ കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെ വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33/09.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശിച്ച മാതൃകയിലുള്ള അനധികൃത നിർമാണ രജിസ്റ്റർ പരിപാലിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മേൽ പട്ടികയിലെ കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങളുടെ വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-20 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിലെ അപാകത

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നം | ഇനം | നിരക്ക് / ച.മീ |
|---|---|---|

| | | |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 M2 വരെ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 40 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 M2 ന മുകളിൽ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 50 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 M2 വരെ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 50 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 M2 ന മുകളിൽ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 |

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉമസ്ഥന്റെ പേര് | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നികുതി നിർണ്ണയം നടത്തിയ വർഷം | നിർണ്ണയിച്ച നികുതി (₹/M2) | നിർണ്ണയിക്കേണ്ട നികുതി (₹/M2) |
|---|---|---|---|---|---|---|
| 1 | കാട്ടിക്കുട്ടത്തിൽ അബൂബക്കർ | 1/583 A,B,C,E,F,G | 10.92+14+14+11+10.2+51.61 ആകെ -111.73 | 2016-17 | 40 | 50 |
| 2 | കാട്ടിക്കുട്ടത്തിൽ അബൂബക്കർ | 1/586 A-J | 10.92+14+14+13+11+10.2+ 52+14+13.13+12.39 ആകെ - 164.64 | 2014-15 | 40 | 50 |
| 3 | പ്രസിഡണ്ട്,കേരള വ്യപാരി വ്യവസായി ഏകോപനസമിതി, ചപ്പാരപ്പടവ് | 12/163 A-F | 17.95+17.95+17.95+17.95+ 17.95+ 17.95+37.24 ആകെ - 144.94 | 2016-17 | 40 | 50 |
| 4 | ചൊക്രന്റകത്ത് സാബിറ | 12/358 A-E | 29.4+29.96+25.38+21+14 ആകെ - 119.74 | 2016-17 | 40 | 50 |
| 5 | അൽമഖറുൽ സുന്നിയ്യത്തിൽ ഇസ്ലാമിയ കമ്മറ്റിക്കുവേണ്ടി പ്രസിഡണ്ട് | 13/557 A-J | 22.8+22.8+22.8+22.8+22.8+ 17.36+22.8+ 22.8+22.8+22.8 ആകെ - 222.56 | 2012-13 | 40 | 50 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38/10.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലെ

കെട്ടിടങ്ങളുടെ പ്ലാൻ പരിശോധിച്ച് ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തി പുതിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-21 ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി സംബന്ധിച്ച സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗം കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 53/2020 /തസ്വഭവ തീയതി 8-9-2020 പ്രകാരം നിരക്കുകൾ നിശ്ചയിച്ച നൽകിയിട്ടുണ്ട്. ഇത് പ്രകാരം ഈ വിഭാഗത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന വസ്തുനികുതിയുടെ കുറഞ്ഞ നിരക്ക് 10 രൂപയും കൂടിയ നിരക്ക് 25 രൂപയുമാണ്. മേൽ ഉത്തരവ് പ്രകാരം ഈ വിഭാഗത്തിൽപെടുന്ന കെട്ടിടങ്ങൾക്ക് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ അടിസ്ഥാന നികുതി നിരക്കുകൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗം കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 39/10.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗം കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് നിശ്ചയിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 -ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുറികളുടെ വാടക ഈടാക്കിയതിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകളുണ്ട്.

1) 1/382 കെട്ടിടം 2021-22 ലേക്കാൾ കുറഞ്ഞ തുകയ്ക്കാണ് 2022-23 ൽ വാടകയ്ക്ക് നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാടകക്കാരന്റെ/സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | 2021-22 ലെ വാടക | 2022-23 ലെ വാടക |
|---|---|---|---|---|
| 1 | ബിന്ദു പുഷ്പൻ | 1/382 | 992 | 970 |

2) 8/397 കെട്ടിത്തിന്റെ വാടക തുക 2022-23 സാമ്പത്തിക വർഷം ഒടുക്കിയിട്ടില്ല. DCB പ്രകാരം 30,409 രൂപയുടെ കുടിശ്ശികയുണ്ട്.

3) വാടക ബൈലോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 40/10.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക ഇനത്തിലെ കുടിശ്ശിക തുക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 ലേലം അപാകതകൾ

പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം നടന്ന ലേലങ്ങളുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകളുണ്ട്.

1) ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ചപ്പാരപ്പടവ്, പെരുമ്പടവ് ബസ്സ്റ്റാന്റുകളിൽ നിന്ന് ഫീസ് പിരിക്കുന്നതിനുള്ള അവകാശം 2022-23 വർഷം ലേലം ചെയ്ത് നൽകിയിട്ടില്ല.

2) ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ഒടുവള്ളിത്തട്ട് ബസ്സ്റ്റാന്റിൽ നിന്ന് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ശ്രീ അനീഷ് കുമാർ എസ് എന്ന വ്യക്തിക്ക് 23/03/2023 ന് ₹35,000 ന് ലേലം ചെയ്ത് അനുവദിച്ചിട്ടുണ്ട്. ലേലം അനുവദിച്ച തീയതിയിൽ തന്നെ ടിയാൻ ₹23,600 പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട് (രസീത് നം 1220106898 തീയതി 23.03.2023). ബാക്കി തുക ഒടുക്കിയിട്ടില്ല. കൂടാതെ ലേലവുമായി ബന്ധപ്പെട്ട് ശ്രീ അനീഷ് കുമാർ എസ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 41/10.08.2023) മറുപടിയായി ചപ്പാരപ്പടവ് ബസ് സ്റ്റാന്റിന് ആർ.ടി.ഒ.-യുടെ അനുമതി ലഭിച്ചിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത സ്ഥലം പാർക്കിംഗ് സ്ഥലമായി ഉപയോഗിച്ച് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പെരുമ്പടവ് ബസ് സ്റ്റാന്റിൽ നിന്ന് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഒടുവള്ളിത്തട്ട് ബസ് സ്റ്റാന്റ് ലേലവുമായി ബന്ധപ്പെട്ട ബാക്കി തുകയായ 11400/- രൂപ 2024 മാർച്ച് 31-ന് മുമ്പ് ഈടാക്കുന്നതാണെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണവും തുടർനടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 ക്ഷീരകർഷകർക്ക് പാൽ വില സബ്സിഡി -മുഴുവൻ തുകയും നൽകിയില്ല

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് /നമ്പർ | ക്ഷീരകർഷകർക്ക് പാൽ വില സബ്സിഡി S106/23 |
| അടങ്കൽ | 600000 പദ്ധതി വിഹിതം<br>300000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>400000 ജില്ലാ പഞ്ചായത്ത് വിഹിതം<br>13ലക്ഷം ആകെ തുക |
| ചെലവ് | 1)2219952006801030525 11-1-23 600000<br>2)2219952006801030541 11-1-23 40154<br>3)2219952006801109648<br>30-1-23 283104<br>4)2219952006801030555 11-1-23 287000<br>ആകെ തുക 1210258 |

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1)ബിൽ നമ്പർ 1,2,4 പ്രകാരം 343 ഗുണഭോക്താക്കൾക്ക് ഏപ്രിൽ, മെയ്, ജൂൺ, ആഗസ്റ്റ്, സപ്തംബർ മാസങ്ങളിലെ സബ്സിഡി തുക നൽകിയിട്ടുണ്ട്. കൂടാതെ ബിൽ നമ്പർ 3 പ്രകാരം ഒക്ടോബർ, നവംബർ മാസങ്ങളിലെ സബ്സിഡി തുകയും നൽകിയിട്ടുണ്ട്. എന്നാൽ ജൂലൈ, ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് മാസത്തിലെ സബ്സിഡി തുക നൽകിയിട്ടില്ല.
2)പ്രൊജക്റ്റിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെയും സബ്സിഡി തുക നൽകിയതിന്റെയും മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/4-8-23) മറുപടിയായി ജൂലൈ മാസത്തെ തുക ഡിപ്പാർട്ട്മെന്റ് സബ്സിഡിയായി നൽകിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ 2022 ഡിസംബർ, 2023-ജനുവരി, ഫെബ്രുവരി, മാർച്ച് മാസത്തിലെ സബ്സിഡി തുക നൽകാനുള്ള അത്രയും തുക പദ്ധതി അടങ്കലിൽ ഉൾപ്പെട്ടിരുന്നില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. തുടർന്ന് വരുന്ന വർഷങ്ങളിൽ ക്ഷീരകർഷകർക്ക് അർഹതപ്പെട്ട മുഴുവൻ ആനുകൂല്യങ്ങളും അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി – കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രൊജക്റ്റ് നമ്പർ / പേര് | 227/23 പ്രത്യേക കന്നുകുട്ടി പരിപാലനം. |
| അടങ്കൽ<br>₹2500000 | ₹1250000 ( വികസനഫണ്ട് )<br>₹1250000 (മറ്റുള്ളവ) |
| ചെലവ് | ₹1250000 (വികസനഫണ്ട് ) |
| ബിൽനം/ തീയ്യതി/തുക (A.CR പ്രകാരം) | 146/15.12.22/1250000. |

ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 100 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി 1250000 രൂപ (100x12500) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് ട്രഷറി അക്കൌണ്ടിലേക്ക് (719011400000003) മുൻകൂർ നൽകിയിട്ടുണ്ട്. കന്നുകുട്ടി ജനന രജിസ്റ്റർ പ്രകാരം തെരഞ്ഞെടുത്ത 100 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി എടക്കോം(47), തടിക്കടവ് (26), മീമ്പറ്റി (27) എന്നീ ക്ഷീരവ്യവസായ സഹകരണ സംഘങ്ങളെയാണ് പഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുത്തത്. കാലിത്തീറ്റ വിതരണ രജിസ്റ്റർ, വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതിയിൽ ഗുണഭോക്താക്കളായ 100 പേരും പദ്ധതിയിൽ തുടരുന്നുണ്ടോയെന്ന വിവരവും ലഭ്യമാക്കേണ്ടത് സംബന്ധിച്ച് 6.8.2023 ന് നൽകിയ 14ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തടിക്കടവ് ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ പരിധിയിൽ വരുന്ന 26 ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവിന്റെ കന്നുകുട്ടി ചത്തുപോയതിനാൽ തീറ്റ നിലവിൽ വാങ്ങുന്നില്ലായെന്നും പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയിൽ നിന്നും ഒരു ഗുണഭോക്താവ് ഒഴിവാക്കപ്പെട്ടതിനാൽ ഒരു കന്നുകുട്ടിക്കുള്ള കാലിത്തീറ്റയുടെ വിലയായ 12500 രൂപയിൽ ചെലവായതിന്റെ ബാക്കി തുക എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും തിരികെ ഈടാക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാണ്ടേതുമാണ്.

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രവും ചെലവായതിന്റെ ബാക്കി തുക തിരിച്ച് ഈടാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-27 ഹോമിയോ ഹോസ്പിറ്റലിലേയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.330416 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

ഹോമിയോ ഹോസ്പിററലിലേയ്ക്ക് മരുന്ന് വാങ്ങുന്നതിന് ₹500000 താഴെപ്പറയും പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (34306403911) കൈമാറിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| പ്രൊജക്റ്റ് നമ്പർ / പേര് | 6/23 ഹോമിയോ മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹500000 മെയിന്റൻസ് ഫണ്ട്<br>( റോഡിതരം) |
| ബിൽ നമ്പർ/<br>തീയ്യതി/തുക (ACR പ്രകാരം) | 147/15.12.22/₹500000 |

മേൽ ബിൽ പ്രകാരം നല്കിയ ₹500000 യിൽ ₹169584 യുടെ മരുന്നുകൾ മാത്രമാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ₹330416 യുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. തുക മുൻകൂറായി നൽകി ഒരു വർഷം കഴിഞ്ഞിട്ടും മരുന്നുകൾ ലഭിക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച് 6.8.2023 ന് നൽകിയ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 169584 യുടെ മരുന്നുകൾ മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളുവെന്നും ഡിസംബർ മാസത്തോടുകൂടി മരുന്നുകൾ പൂർണ്ണമായും എത്തിക്കുന്നതാണെന്നും ഹോംകോയിലെ ജീവനക്കാരുടെ കുറവുമൂലമാണ് മരുന്നുകൾക്ക് കാലതാമസം

വരുന്നതെന്നുമാണ് ഹോംകോ അറിയിച്ചിട്ടുള്ളതെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ആയതിനാൽ 330416 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുഴുവൻ മരുന്നുകളും ലഭ്യമാകുന്ന മുറക്ക് ഇൻവോയിസും സ്റ്റോക്ക് രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ചപ്പാരപ്പടവ് പി.എച്ച്.സി ലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല.261302 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

ചപ്പാരപ്പടവ് പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 400000 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രൊജക്റ്റ് നമ്പർ / പേര് | 7/23 പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹400000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നമ്പർ/<br>തീയ്യതി/തുക (ACR പ്രകാരം) | 21/17.6.22/1212<br>46/2.8.22/59998<br>85/28.9.22/12350<br>125/3.12.22/2390<br>245/15.2.23/23900<br>242/13.2.23/275000<br>342/25.3.23/25150 |

മരുന്ന് വാങ്ങുന്നതിനായി ആകെ ചെലവഴിച്ച 400000 യിൽ മേൽ ബിൽ പ്രകാരം 275000 രൂപയുടെ മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട് (A/C NO.3624001800000019). ഇതിൽ 13698 രൂപയുടെ (Invoice No. 9319/15.6.23) മരുന്നുകൾ മാത്രമാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. 261302 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. തുക മുൻകൂറായി നൽകി ഒരു വർഷം കഴിഞ്ഞിട്ടും മരുന്നുകൾ ലഭിക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച് 6.8.2023 ന് നൽകിയ 11ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 13698 രൂപയുടെ മരുന്നുകൾ മാത്രമാണ് ഇതുവരെ ലഭിച്ചിട്ടുള്ളൂവെന്നും ബാക്കി മരുന്നുകൾ അടുത്ത ആഴ്ച്ചയിൽ എത്തിച്ച തരുമെന്നും മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ടെന്നും മരുന്നുകൾ ആവശ്യപ്പെട്ടുകൊണ്ട് സ്ഥാപനത്തിന് രേഖാമൂലവും ടെലിഫോൺ മുഖാന്തിരവും ബന്ധപ്പെട്ടുന്നുണ്ടെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ആയതിനാൽ 261302 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. മുഴുവൻ മരുന്നുകളും ലഭ്യമാകുന്ന മുറക്ക് ഇൻവോയിസും സ്റ്റോക്ക് രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 സാന്ത്വന പരിചരണ പദ്ധതി- മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല.131542 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സാന്ത്വന പരിചരണം പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി 400000 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| പ്രൊജക്റ്റ് നമ്പർ / പേര് | 3/23 സാന്ത്വന പരിചരണം പദ്ധതി |
| അടങ്കൽ | ₹850000 മെയിന്റനൻസ് ഫണ്ട്<br>(റോഡിതരം) |
| ചെലവ് | ₹849760 മെയിന്റനൻസ് ഫണ്ട്<br>(റോഡിതരം) |

| | |
|---|---|
| ബിൽ നമ്പർ/<br>തീയ്യതി/തുക (ACR പ്രകാരം) | 15/24.5.22/37030<br>20/17.6.22/36870<br>35/14.12.22/36990<br>54/22.8.22/37210<br>70/5.9.22/45870<br>94/12.10.22/39230<br>109/10.11.22/39310<br>120/23.11.22/200000<br>126/3.12.22/39310<br>164/28.12.22/40650<br>241/13.2.23/200000<br>279/15.3.23/53000<br>360/28.3.23/44290 |

മേൽ പദ്ധതി പ്രകാരം സാന്ത്വന പരിചരണം പദ്ധതിയിൽ ചെലവായ 849760 രൂപയിൽ മരുന്നുകൾ വാങ്ങുന്നതിനായി 400000 രൂപ (120/23.11.22/200000, 241/13.2.23/200000) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട് (A/C NO.3624001800000019). ഇതിൽ 268458 രൂപയുടെ മരുന്നുകൾ മാത്രമാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. 131542 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. തുക മുൻകൂറായി നൽകി ഒരു വർഷം കഴിഞ്ഞിട്ടും മരുന്നുകൾ ലഭിക്കുന്നതിലുണ്ടായ കാലതാമസം സംബന്ധിച്ച് 8.8.2023 ന് നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 131542 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ടെന്നും ബാക്കി മരുന്നുകൾ എത്രയും വേഗം എത്തിച്ച തരുമെന്ന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ടെന്നും മറുപടി ഹാജരാക്കിയിട്ടുണ്ട്. ആയതിനാൽ 131542 രൂപയുടെ ചെലവ് തടസ്സത്തിൽവെക്കുന്നു. മുഴുവൻ മരുന്നുകളും ലഭ്യമാകുന്ന മുറക്ക് ഇൻവോയിസും സ്റ്റോക്ക് രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വരവു ചെലവ് കണക്കുകൾ ഹാജരാക്കുന്നില്ല

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നു കണ്ടാൽ അതിനിടക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994,കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തിക വർഷത്തെയും വാർഷിക വരവു ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വാർഷികവരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് നാളിതുവരെ ഓഡിറ്റിന് അയച്ചുതരാതിരിക്കുന്നത് വീഴ്ചയാണ്. വാർഷികകണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിൽ സ്ഥാപനതലത്തിലുണ്ടായ വീഴ്ച സംബന്ധിച്ച് 6.8.23 ന് നൽകിയ 12ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആശുപത്രി വികസന സമിതിയുടെ വരവായി ലഭിക്കുന്ന തുക യഥാസമയം ബാങ്കിൽ നിക്ഷേപിക്കുകയും ചെലവുകൾ കൃത്യമായി വൗച്ചറുകളാക്കി ക്യാഷ് ബുക്കിൽ സൂക്ഷിക്കുന്നുണ്ടെന്നും ആശുപത്രി വികസന സമിതിയുടെ കണക്കുകൾ സംബന്ധിച്ചുള്ള നിശ്ചിത പ്രഫോർമയിൽ മുൻകാലങ്ങളിലെ വരവ് ചെലവുകൾ ഉൾപ്പെടുന്ന കണക്കുകൾ ഹാജരാക്കുമെന്നും മെഡിക്കൽ ഓഫീസർ പി എച്ച് സി അറിയിച്ചിട്ടുണ്ട്. ആയുർവേദ, ഹോമിയോ ഹോസ്പിറ്റലുകളുടെ കൂടി വാർഷികവരവ് ചെലവ് കണക്കുകൾ തയ്യാറാക്കി അക്കൗണ്ടുകളുടെ വാർഷിക വരവ് ചെലവ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-31 പത്താമുദയം പദ്ധതി പൂർത്തിയായിട്ടില്ല - ചെലവ് തുക 74000 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ കുവേരി |

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 247/23 പത്താമുദയം - സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല |
| അടങ്കൽ | ₹100000 തനത് ഫണ്ട്. |
| ചെക്ക് നം./തീയ്യതി /തുക | 025956/30.3.23/82942 |

മേൽ പദ്ധതി പ്രകാരം ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിലെ 40 പേരുടെ 10-ാം തരം തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ് അടവാക്കുന്നതിന് 74000 രൂപ (40*1850) കേരള സംസ്ഥാന സാക്ഷരതാമിഷന്റെ അക്കൗണ്ടിലേക്ക് (57026996123) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരത മിഷനിൽ നിന്നുള്ള കൈപറ്റ് രശീത്, പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടത് സംബന്ധിച്ച് 5.8.2023 ന് നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കോഴ്സ് പൂർത്തീയാക്കി പരീക്ഷ നടത്തേണ്ടതുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. പ്രൊജക്ട് പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 74000 രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ വിവരങ്ങൾ എന്നിവ രേഖാമൂലം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 എസ്.എസ്.എ ഫണ്ട് കൈമാറൽ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ചെലവ് തുക 800000 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ കുവേരി |
| പ്രൊജക്ട് നമ്പർ / പേര് | 234/23 എസ്.എസ്.എ ഫണ്ട് കൈമാറൽ |
| അടങ്കൽ | ₹800000 (വികസനഫണ്ട്) |
| ബിൽ നം./തീയ്യതി /തുക (A.C.R പ്രകാരം) | 62/27.8.22/₹800000 |

മേൽ ബിൽ പ്രകാരം 800000 രൂപ എസ്.എസ്.എ ഫണ്ട് കൈമാറുന്നതിനായി ജില്ലാ പ്രൊജക്ട് കോർഡിനേറ്റർ എസ്.എസ്.കെ കണ്ണൂരിന് (1139101071275) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ജില്ലാ പ്രൊജക്ട് കോർഡിനേറ്റർ എസ്.എസ്.കെയിൽ നിന്നുള്ള കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടത് സംബന്ധിച്ച് 5.8.2023 ന് നൽകിയ 8-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 800000 രൂപ തടസ്സപ്പെടുത്തുന്നു. കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം, ഗ്രാമപഞ്ചായത്തിൽ എസ്.എസ്.എ. മുഖാന്തിരം നടപ്പാക്കിയ പദ്ധതികൾ, അവയ്ക്ക് ചെലവഴിച്ച തുകയുടെ വിശദവിവരം എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 അങ്കണവാടി പോഷകാഹാരം- 2% ജി എസ് ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ 1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ പഞ്ചശ്രീ കുടുംബശ്രീ യൂണിറ്റ്അമൃതം ന്യൂട്രിമിക്സ്, പരിയാരം എന്ന സ്ഥാപനത്തിൽ നിന്നും ഐ സി ഡി എസ് സൂപ്പർവൈസർ അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി (പ്രോജക്ട് നമ്പർ 11/23) നടത്തിയിട്ടുള്ള

വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ജി എസ് ടി ടി.ഡി.എസ് ഈടാക്കി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ സർക്കുലർ നം. ഡി.എ 1/87/2019 ത.സ്വ.ഭ.വ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് ഒടുക്കാതെ, തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നം./ചെക്ക് നം./തീയതി | ന്യൂട്രിമിക്സ് യൂണിറ്റിന് നൽകിയ തുക |
|---|---|---|
| 1 | 22190952006100253475/29-06-22 | 471565 |
| 2 | 22190952006100521813 /12-09-2022 | 162977 |
| 3 | 22190952006100647804 /14-10-2022 | 349023 |
| 4 | 22190952006100818637 /25-11-2022 | 167938 |
| 5 | 22190952006100954410 /24-12-2022 | 155287 |
| 6 | 22190952006101101261 /28-01-2023 | 159752 |
| 7 | 22190952006101386677 /16-03-23 | 30440 |
| 8 | 05/22-23/20-03-23 | 125839 |
| 9 | 09/22-23/30-03-23 | 154046 |
| | ആകെ തുക | 1776867 |

പഞ്ചശ്രീ കുടുംബശ്രീ യൂണിറ്റ്അമൃതം ന്യൂട്രിമിക്സ്, പരിയാരം എന്ന സ്ഥാപനത്തിൽ നിന്നും 2% ജി എസ് ടി ടി.ഡി.എസ് ഈടാക്കി ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-34 കോക്ക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് ധനസഹായം -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല -ചെലവ് തുക 100000 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റ് നമ്പർ / പേര് | 127/23 കോക്ക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് ധനസഹായം |
| അടങ്കൽ | ₹100000 (വികസനഫണ്ട് ) |
| ബിൽ നം./തീയ്യതി/തുക | 22190952006101055860/17-01-2023/100000 |

പ്രസ്തുത തുക വിനിയോഗിച്ചു എന്ന് ഉറപ്പുവരുത്തിയ രേഖകൾ എന്നിവ ഹാജരാക്കേണ്ടത് സംബന്ധിച്ച് 29.8.2023 ന് നൽകിയ 26-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ധനവിനിയോഗ സർട്ടിഫിക്കറ്റിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയായും വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തത് കൊണ്ടാണ് ആയത് ഹാജരാക്കാതിരുന്നതെന്നാണ് അറിയിച്ചിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക 100000 രൂപ തടസപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിൽ എത്ര കുട്ടികൾക്ക് വേണ്ടിയാണ് ഈ തുക ഒടുക്കിയതെന്നും, ആ കുട്ടികൾക്ക് പ്രസ്തുത വർഷം ഉപകരണങ്ങൾക്ക് പരിപാലനം ലഭിച്ചതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും, വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ആയതും ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -₹1000 അധികം അനുവദിച്ചു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റ് നം/പേര് | 28/23, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |

| | |
|---|---|
| അടങ്കൽ | 1623950 |
| ചെലവ് | 1586950 |
| ബിൽ നം/തിയതി/തുക | 2219095200610080784 1/23.11.22/262200<br>22190952006100817680/25.11.22/131100<br>22190952006101058890/17.01.23/151020<br>22190952006101058891/17.01.23/113200<br>22190952006100885170/08.02.23/133140<br>22190952006101386671/12.03.23/140000<br>22190952006101386681/16.3.23/313580<br>22190952006101533270/28.3.23/147550<br>22190952006101533299/31.03.23/39400<br>22190952006101574199/31.3.23/155760 |

2022-23 വർഷം ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനാണ് മേൽ പ്രൊജക്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം മേൽ പ്രോജക്ടിന്റെ ഭാഗമായി ഫാത്തിമത്ത് അലിയ ആസാദ് ,D/Oതാഹിറ.ഒ,ഓലിയന്റകത്ത്,അരിപ്പാമ്പ്ര,കുവേരി എന്ന വിദ്യാർത്ഥിനിക്ക് ₹29,500 അനുവദിച്ചിട്ടുണ്ട്. സ.ഉ(കൈ)115/2022/ ത.സ്വ.ഭ.വ. തീ. 28.05.2022 ന്റെ ഖ. 7.16(ബി) പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷത്തിൽ ₹28,500-ന് മാത്രമേ അർഹതയുള്ളൂ. ആയതിനാൽ അധികം തുക (₹1000/) അനുവദിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് 11.8.23 ന് 47-ാം നമ്പർ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച 1000 രൂപ 2023-24 വർഷത്തിൽ സ്കോളർഷിപ്പ് തുക അനുവദിക്കുമ്പോൾ ആയതിൽ കുറവ് ചെയ്ത് വിശദവിവരം ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-36 അങ്കണവാടികൾക്ക് നെയിം ബോർഡ് സ്ഥാപിക്കൽ - ആദയനികുതി ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റ് നം/പേര് | 29/23, അങ്കണവാടികൾക്ക് നെയിം ബോർഡ് സ്ഥാപിക്കൽ |
| അടങ്കൽ | 93,000 |
| ചെലവ് | 93,000 |
| ചെക്ക് നം നം/തിയതി/തുക | XY-5835979/25-10-2022/93000 |

ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നിർവഹണം നടത്തിയ മേൽ പ്രോജക്ടിൽ 33 നെയിം ബോർഡുകൾ വാങ്ങുന്നതിനായി 93,000/രൂപ അടങ്കൽ നിശ്ചയിച്ച് (കൊട്ടേഷൻ വഴി) 93,000/- കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. ഈ തുക കീർത്തി യൂനിഫോംസ് & മാച്ചിംഗ് സെന്റർ, പയ്യന്നൂർ എന്ന സ്ഥാപനത്തിനാണ് നല്കിയിരിക്കുന്നത്. എന്നാൽ ആദായനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 9.8.23-ന് നൽകിയ 27-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കീർത്തി യൂനിഫോംസ് & മാച്ചിംഗ് സെന്റർ, പയ്യന്നൂർ എന്ന സ്ഥാപനം ആദായനികുതി അടവാക്കുന്നത് കൊണ്ടാണ് ആയത് ഈടാക്കാതിരുന്നതെന്നാണ്. മേൽ മറുപടി തൃപ്തികരമല്ല. ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് ഹിന്ദു കുടുബം/വ്യക്തികൾ എന്നിവർക്ക് 1 ശതമാനവും മറ്റുള്ളവർക്ക് 2 ശതമാനം നിരക്കിലുമാണ്. എന്നാൽ മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾ/കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കാതെ മുഴുവൻ തുകയും അനുവദിക്കുകയാണുണ്ടായത് .ആദായനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-37 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.ഡെപ്പോസിറ്റ് തുക 2964893രൂപ തടസ്സപ്പെടുത്തുന്നു.

2022-23 വർഷം ചപ്പാരപ്പടവ് പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ നിക്ഷേപ പ്രവർത്തികളുമായി ബന്ധപ്പെട്ട് കൈമാറിയ തുകകൾക്ക് ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം/പൂർത്തീകരണ സാക്ഷ്യ പത്രം ലഭ്യമായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | വൗച്ചർ നമ്പർ, തീയ്യതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|---|
| 1 | S0001/23 | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തെരുവ് വിളക്കിനായി സ്ട്രീറ്റ് ലൈൻ വലിക്കൽ | 2000000 ധനകാര്യ കമ്മീഷൻ അവാർഡ് | 1999982 | 104/9-11-22 | അസിസ്റ്റന്റ് എൻജിനീയർ, KSEB ഇലക്ട്രിക്കൽ സെക്ഷൻ,ചപ്പാരപ്പടവ് |
| 2 | S0163/23 | കോലാർതൊട്ടി എം.സി.എഫിന് കുഴൽ കിണർ | 98065 ധനകാര്യ കമ്മീഷൻ അവാർഡ് | 84000 | 26/1-7-2022 | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ് |
| 3 | S0162/23 | തെരുവ് വിളക്കിനായി സ്ട്രീറ്റ് മെയിൻ വലിക്കൽ ആലക്കോട് സെക്ഷൻ | 700000 വികസന ഫണ്ട് ജനറൽ | 699976 | 123/2-12-22 | അസിസ്റ്റന്റ് എൻജിനീയർ, KSEB ഇലക്ട്രിക്കൽ സെക്ഷൻ,ആലക്കോട്. |
| 4 | S0249/23 | എ.ഡി.എസ്. ബിൽഡിംഗ് ഇലക്ട്രിക്ക് കണക്ഷൻ | 100000 വികസന ഫണ്ട് ജനറൽ | 100000 | 72/06-09-22 | അസിസ്റ്റന്റ് എൻജിനീയർ, KSEB ഇലക്ട്രിക്കൽ സെക്ഷൻ,ചപ്പാരപ്പടവ് |
| 5 | 254/23 | കട്ടിക്കരി അങ്കണവാടിക്ക് കുഴൽ കിണർ | 100000 തനത് ഫണ്ട് | 80935 | 310/18-03-2023 /79000 | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ് |
| | | | | 2964893 | | |

10.07.2022 തീയതിയിലെ സർക്കുലർ നമ്പർ DA1/179/22/തസ്വഭവ പ്രകാരം കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ, ജി..ഡബ്ല്യു.എ എന്നിവ മുഖേന നിർവഹണം നടത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷം ആരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും അതത് വർഷം തന്നെ പ്രവൃത്തി പൂർത്തീകരിക്കുവാനായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. എന്നാൽ മേൽ സൂചിപ്പിച്ച പ്രവർത്തികളുമായി ബന്ധപ്പെട്ട ഏജൻസികളുമായി കരാർ ഏർപ്പെട്ടിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നമ്പർ-20/8-8-2023) ഈ സാഹചര്യത്തിൽ ഡെപ്പോസിറ്റ് തുക 2964893 രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 എ.ബി.സി പദ്ധതി -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല-ചെലവ് തുക 100000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 315/23 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | എ.ബി.സി. വിഹിതം |
| അടങ്കൽ | 100000 (വികസന ഫണ്ട് പൊതു വിഭാഗം)) |
| ചെലവഴിച്ച തുക | 100000 |
| ബിൽ നമ്പർ, തീയ്യതി | 223/31-01-2023 |

മേൽ സൂചിപ്പിച്ചതു പ്രകാരം എ.ബി.സി. പദ്ധതി നിർവഹണ ആവശ്യത്തിലേക്കായി 100000 രൂപ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. സ.ഉ(സാധാ)നം.2065/2022/LSGD നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗര ഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പദ്ധതിയാണ് എ.ബി.സി പദ്ധതി ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ പഞ്ചായത്തിൽ ലഭ്യമായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നമ്പർ-21/08-08-2023) ഗ്രാമ പഞ്ചായത്തിലെ തെരുവ് നായകളുടെ ശല്യമുള്ള പ്രദേശങ്ങളിലെ നായകളുടെ വന്ധ്യംകരണത്തിനായി ജില്ലാ പഞ്ചായത്തിന് കത്തു നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്. ഈ സാഹചര്യത്തിൽ ചെലവ് തുക 100000 തടസ്സപ്പെടുത്തുന്നു. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രവും എ.ബി.സി. പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-39 ഐ.കെ.എം വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ചെലവ് തുക 90950 രൂപ തടസ്സപ്പെടുത്തുന്നു.

2022-23 വർഷം ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ" ഐ.കെ.എം വിഹിതം" എന്ന പ്രോജക്റ്റിന്റെ (പ്രോജക്റ്റ് നമ്പർ- S0137/23 അടങ്കൽ-90950 വികസന ഫണ്ട്, പൊതു വിഭാഗം) നിർവഹണത്തിന്റെ ഭാഗമായി 90950 രൂപ (ബിൽ നമ്പർ-55/23-08-2022) ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ഇതേ വരെ ലഭിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ-21-08-2023)ആയതിനാൽ ചെലവ് തുക 90950 രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 സ്മാർട്ട് ഐ പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല -ചെലവ് തുക 50000രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 318/23 |
| പ്രോജക്റ്റിന്റെ പേര് | സ്മാർട്ട് ഐ ഫേസ് I |
| അടങ്കൽ | 50000 തനത് ഫണ്ട് |
| ചെലവഴിച്ച തുക | 50000 |
| ബിൽ നമ്പർ, തീയ്യതി | 250/21-02-2023 |

മേൽ സൂചിപ്പിച്ചതു പ്രകാരമുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഇതേ വരെ ലഭിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി ക്യമറ റെക്കോർഡർ സ്ഥാപിക്കുന്ന പ്രവർത്തികൾ നടന്നുവരികയാണെന്നാണ് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ-22/8-8-23) മറുപടിയിൽ അറിയിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ചെലവ് തുക 50000രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-41 വാഹന ഉപയോഗം- അപാകങ്ങൾ.

ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മൂന്നു വാഹനങ്ങളാണുള്ളത്. ഓഫീസ് വാഹനമായ മഹീന്ദ്ര ബൊലേറോ ജീപ്പ് (KL59Y5786), ഹരിത കർമ്മ സേനയുടെ ഉപയോഗത്തിന് വേണ്ടി വാങ്ങിയ ഇലക്ട്രിക് വാഹനം

(KL59Z1656), പാലിയേറ്റീവ് കെയർ ആവശ്യത്തിനുള്ള ആംബുലൻസ് (KL59J6056) എന്നിവയാണ് വാഹനങ്ങൾ. പ്രസ്തുത വാഹനങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1) വാഹനം ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു .

ഹരിത കർമ്മ സേനയുടെ ആവശ്യത്തിലേക്കായി 2022-23 വർഷത്തിൽ വാങ്ങിയ ത്രീ വീലർ ഗുഡ്സ് ഇതേ വരെ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (എൻക്വയറി നമ്പർ 25/9-08-2023) വാഹനത്തിന്റെ ബോഡി കാര്യർ നിർമ്മിച്ച് ലഭിച്ചത് അടുത്ത കാലത്താണെന്നാണെന്നും വാഹനം ഓടിക്കേണ്ട ഹരിതകർമ്മസേനാംഗങ്ങൾക്കുള്ള പരിശീലനം നടന്നുവരികയാണെന്നുമാണ്. വാഹനം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിനു ശേഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

30-06-2007ലെ സ.ഉ (എം.എസ്.) 170/2007 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് അനുസരിച്ച് സൂക്ഷിക്കേണ്ടതായ താഴെ ചേർക്കും പ്രകാരമുള്ള രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

(I)പെട്രോൾ ,ഡീസൽ, ഗ്യാസ്, ഓയിൽ മുതലായവയുടെ ഓർഡർ ബുക്ക്

(Ii) റിപ്പയർ രജിസ്റ്റർ

(Iii) സ്റ്റോക്ക് രജിസ്റ്റർ

സ.ഉ. (പി)നമ്പർ 161/2006/ ഫിൻ തീയ്യതി 31-03-2006 പ്രകാരം നിർദ്ദേശിച്ച വെഹിക്കിൾ ഹിസ്റ്ററി ബുക്കും പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

3) ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല .

മേൽ പരാമർശിച്ച ഉത്തരവിന്റെ ഖണ്ഡിക 4 അനുസരിച്ച് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ വാഹനവുമായി ബന്ധപ്പെട്ട് ചെലവായ തുകയെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ഒരു റിപ്പോർട്ട് സമർപ്പിച്ചിരിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ കഴിഞ്ഞ അർദ്ധ വർഷത്തിൽ വാഹനം ഓടിയ ദൂരം കിലോ മീറ്ററിൽ കാണിച്ചിരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ നിർദ്ദേശവും പാലിച്ചതായി കാണുന്നില്ല. 2023-24 വർഷം മുതൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നാണ് പഞ്ചായത്ത് മറുപടി നൽകിയത്.

4) ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പ് വരുത്തുന്നില്ല

ഉത്തരവിന്റെ ഖണ്ഡിക 16ൽ നിർദ്ദേശിച്ച പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾ ടാങ്കിൽ ഇന്ധനം നിറച്ചതിന് ശേഷം ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥയും പാലിക്കപ്പെട്ടതായി കാണുന്നില്ല.

5) മൈലേജ് ടെസ്റ്റ് നടത്തിയിട്ടില്ല .

പാലിയേറ്റീവ് കെയർ ആവശ്യത്തിനുള്ള ആംബുലൻസിന്റെ(KL59J6056) മൈലേജ് ടെസ്റ്റ് ഇതേ വരെ നടത്തിയതായി കാണുന്നില്ല. .

6) സംസ്ഥാന ഇൻഷൂറൻസ് വകുപ്പിൽ ഇൻഷൂർ ചെയ്യാത്തത് സംബന്ധിച്ച് .

സ.ഉ. (പി) നമ്പർ 819/2000/ഫിൻ തീയ്യതി 18-04-2000 അനുസരിച്ച് കേരള സർക്കാരിന് കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും കേരള സംസ്ഥാന വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷൂറൻസ് കവറേജ് ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ 2022-23ൽ പഞ്ചായത്ത് വാങ്ങിയ ഇലക്ട്രിക് വാഹനം (KL59Z1656) ഇൻഷൂർ ചെയ്തിരിക്കുന്നത് റോയൽ സുന്ദരം ജനറൽ ഇൻഷൂറൻസ് കമ്പനിയിലാണ്. ആംബുലൻസ് ഓറിയന്റൽ ഇൻഷൂറൻസ് കമ്പനിയിലാണ് ഇൻഷൂർ ചെയ്തിട്ടുള്ളത്. തുടർന്നുള്ള വർഷങ്ങളിൽ സംസ്ഥാന ഇൻഷൂറൻസ് വകുപ്പിൽ ഇൻഷൂർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകങ്ങൾ പൂർണ്ണമായും പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-42 തനത് വരുമാന വർദ്ധനവ് -അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്.

ചപ്പാരപ്പടവ് പഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ടാക്സ് ഓഡിറ്റിന്റെ അവലോകനം താഴെ കൊടുക്കുന്നു.

1-03-2022 മുതൽ 31-03-2023 വരെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 17 യോഗങ്ങൾ ചേർന്നിട്ടുണ്ട്. തനത് വരുമാനം വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തതിന്റെയോ തനത് വരുമാനം വർധിപ്പിക്കുന്നതിലേക്കായി ഭരണ സമിതിക്ക് ശിപാർശകൾ നൽകിയതിന്റേയോ വിവരങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സിൽ ഇല്ല. പഞ്ചായത്തിന്റെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻ വർഷങ്ങളിലേയോ തന്നാണ്ടിലേയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കിയതായി കാണുന്നില്ല. മാത്രമല്ല ബജറ്റും വരവുകളുമായുള്ള അന്തരവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചതായി കാണുന്നില്ല. നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാൻറിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേരുന്നില്ല. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി എടുക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ.ഉ(കൈ)നം.77/2023/തസ്വഭവ, 22-03-2023 പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ച് പുതിയ വിജ്ഞാപനം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശുപാർശയോടെ 20-07-2023 ലെ ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പുതിയ വസ്തു നികുതി നിരക്കുകളുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയോ സോഫ്റ്റ് വെയർ അപ്ഡേഷന് ചെയ്യുകയോ അപാകതകൾ പരിഹരിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല.

പഞ്ചായത്തിന്റെ പരിധിയിലുള്ള നിരവധി വ്യവസായ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇനത്തിൽ ഭീമമായ കുടിശ്ശിക ഉള്ളതായി കാണാൻ സാധിച്ചു. കുടിശ്ശിക തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജല വിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ, ഡ്രയിനേജ് Etc) കെട്ടിടങ്ങളിൽ നിന്ന് ഈടാക്കുന്നില്ല. വരുമാന വർദ്ധനവിനുള്ള ഉപാധിയായി പരിഗണിച്ച് ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതരവരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 01-06-2022 ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിലെ ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, നീന്തൽ കുളങ്ങൾ, കേബിൾ ടി വി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ, വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവയിൽ നിന്ന് വിനോദ നികുതി ഈടാക്കാനുള്ള സാധ്യതകൾ ഭരണ സമിതി പരിശോധിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്യേണ്ടതാണ്.

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ

ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പ്രതീക്ഷിത വർഷം തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ആൾക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിലൂടെ പ്രൊഫഷണൽസ്, മരാമത്ത് കരാറുകാർ, മറ്റ് കച്ചവട സ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവരുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കാൻ സാധിക്കുന്നു. സ.ഉ (പി) നം. 78/2017/ത സ്വഭവ തീയതി 31.10.2017 ഭേദഗതി ചട്ടങ്ങൾ ചട്ടം 14 എ പ്രകാരം തൊഴിൽ നികുതി അടക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം പ്രോത്സാഹിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-43 ഡെപ്പോസിറ്റ് പ്രവർത്തികൾ -അവലോകനം

സർക്കുലർ നമ്പർ ഡി എ 1/179/22 തസ്വഭവ തീയതി 10-07-2022 പ്രകാരം കേരള സംസ്ഥാന വൈദ്യുതി വകുപ്പ്, കേരള ജല അതോറിറ്റി, ഭൂജല വകുപ്പ് എന്നിവ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ തുക സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും അതാത് വർഷം തന്നെ പൂർത്തീകരിക്കാൻ നിർദേശിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല എഗ്രിമെന്റ് പ്രകാരം 6 മാസം കൊണ്ട് പൂർത്തീകരിക്കേണ്ട പ്രവൃത്തി പൂർത്തീകരണ കാലാവധി വർഷങ്ങളോളം നീട്ടി നൽകുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഡപ്പോസിറ്റ് പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കാൻ അടിയന്തിര ശ്രദ്ധചെലുത്തേണ്ടതും പൂർത്തീകരണ രേഖകൾ ഹാജരാക്കേണ്ടതുമാണ്. 2022-23 വർഷം ചപ്പാരപ്പടവ് പഞ്ചായത്തിൽ ചുവടെ കാണിച്ച പ്രകാരമുള്ള ഡെപ്പോസിറ്റ് പ്രവർത്തികൾ നടത്തിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക വൗച്ചർ നമ്പർ, തീയ്യതി | തുക കൈപ്പറ്റിയ സ്ഥാപനം | പൂർത്തീകരണം/ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചതിന്റെ വിവരം. |
|---|---|---|---|---|---|
| 1 | S0001/ 23 പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ തെരുവ് വിളക്കിനായി സ്ട്രീറ്റ് ലൈൻ വലിക്കൽ | 2000000 ധനകാര്യ കമ്മീഷൻ അവാർഡ് | 1999982 (104/9-11-22) | അസിസ്റ്റന്റ് എൻജിനീയർ, KSEB ഇലക്ട്രിക്കൽ സെക്ഷൻ, ചപ്പാരപ്പടവ് | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല പ്രവർത്തി നടന്നു വരികയാണെന്നാണ് പഞ്ചായത്ത് മറുപടി നൽകിയത്. |
| 2 | S0163/ 23 കോലാർതൊട്ടി എം.സി.എഫിന് കുഴൽ കിണർ | 98065 ധനകാര്യ കമ്മീഷൻ അവാർഡ് | 84000 (26/1-7-2022) | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ് | പ്രവർത്തി ആരംഭിച്ചിട്ടില്ല. |
| 3 | S0162/ 23 തെരുവ് വിളക്കിനായി സ്ട്രീറ്റ് മെയിൻ വലിക്കൽ ആലക്കോട് സെക്ഷൻ | 700000 വികസന ഫണ്ട് ജനറൽ | 699976 (123/2-12-22) | അസിസ്റ്റന്റ് എൻജിനീയർ, KSEB ഇലക്ട്രിക്കൽ സെക്ഷൻ,ആലക്കോട്. | പ്രവർത്തി പൂർത്തിയായിട്ടില്ല. |
| 4 | S02/ 23 വിവിധ സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മാണം | 350000 ധനകാര്യ കമ്മീഷൻ അവാർഡ് | 110805 (173/17-01-23) | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ് | 25-6-23ന് വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചു. |

| | | | | | |
|---|---|---|---|---|---|
| 5 | 249/23 എ.ഡി.എസ്. ബിൽഡിംഗ് ഇലക്ട്രിക്ക് കണക്ഷൻ | 100000 വികസന ഫണ്ട് ജനറൽ | 100000 (72/06-09-22) | അസിസ്റ്റന്റ് എൻജിനീയർ, KSEB ഇലക്ട്രിക്കൽ സെക്ഷൻ,ചപ്പാരപ്പടവ് | പ്രവർത്തി പൂർത്തിയായി. വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചില്ല |
| 6 | 254/23 കുട്ടിക്കരി അങ്കണവാടിക്ക് കുഴൽ കിണർ | 100000തനത് ഫണ്ട് | 80935 (310/18-03-2023) | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ് | പ്രവർത്തി ആരംഭിച്ചില്ല. |

പഞ്ചായത്തിലെ നിക്ഷേപ പ്രവർത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽ പെട്ട പൊതുവായ അപാകങ്ങൾ താഴെ ചേർക്കുന്നു.

1) ബന്ധപ്പെട്ട ഏജൻസികളുമായി കരാർ ഏർപ്പെടുന്നില്ല.

2)പ്രവർത്തികളുടെ നിർവഹണം , പൂർത്തീകരണം എന്നിവ സംബന്ധിച്ച് പഞ്ചായത്ത് നിരീക്ഷണമോ മേൽ നോട്ടമോ നടത്തുന്നതായി കാണുന്നില്ല.

നിക്ഷേപ പ്രവർത്തികൾക്ക് തുകകൾ കൈമാറിയതിനു ശേഷം ബന്ധപ്പെട്ട ഏജൻസികളുമായി കരാർ ചമയ്ക്കുന്നതിനും പ്രവർത്തികൾ യഥാസമയം പൂർത്തിയാക്കി വിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സാക്ഷ്യപത്രം നൽകുന്നതിനായി കണക്കുകൾ പരിശോധിച്ച തീയതി | സാക്ഷ്യപത്രം നൽകിയതിന്റെ നംപർ/ തീയതി |
|---|---|---|
| 2022-23 | 5-8-23 & 7-8-23 | കെ.എസ്.എ./കെ.എൻ.ആർ /സി.12/1325/2023 തീയതി: 30.10.2023 |

### 4-2 സംയുക്ത പ്രവൃത്തികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര്/നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, തളിപ്പറമ്പ. | 0 | 323258 | 323258 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- | 323258 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 106/23 | | |
| | 0 | 34000 | 34000 | നെൽകൃഷി വികസന പദ്ധതി -99/23 | 34000 | 0 |
| | 0 | 874210 | 874210 | ലൈഫ് ഭവന പദ്ധതി SC-223/23 | 874210 | 0 |
| | 0 | 2000000 | 2000000 | ലൈഫ് ഭവന പദ്ധതി ST-242/23 | 2000000 | 0 |
| | 0 | 198450 | 198450 | ഹരിത ഗ്രാമം 78/23 | 198450 | 0 |
| | 0 | 100000 | 100000 | ഹരിത ഗ്രാമം – ആട് വളർത്തൽ 325/23 | 100000 | |
| | 0 | 420000 | 420000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-28/23 | 420000 | 0 |
| | 0 | 100000 | 100000 | ഹരിതഗ്രാമം സുന്ദരഗ്രാമം 216/23 | 100000 | 0 |
| | 0 | 126269 | 126269 | തിരുകുളം പൊതു ശ്മശാനം നവീകരണം | 126269 | 0 |
| ആകെ | 0 | 4176187 | 4176187 | | 4176187 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 140000 | 140000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-28/23 | 140000 | 0 |
| | 0 | 287000 | 287000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-106/23 | 287000 | 0 |
| | 0 | 68000 | 68000 | നെൽകൃഷി വികസന പദ്ധതി- 99/23 | 68000 | 0 |
| ആകെ | 0 | 4950000 | 4950000 | | 4950000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിനിയോഗം

| നിർവഹണ | പ്രവൃത്തിയുടെ | ബിൽ നമ്പർ | തുക | ചെലവഴിച്ച | ചെലവഴിക്കാൻ | നിലവിലെ |
|---|---|---|---|---|---|---|

| ഏജൻസി | നമ്പർ പേര് | തീയതി | | തുക | ബാക്കിയുള്ള തുക | സ്ഥിതി |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | 2/2023 കുഴൽകിണർ നിർമാണം | 5111707201220045 18-3-23 | 110805 | 110805 | 0 | പൂർത്തീകരിച്ചു |
| ഭൂജല വകുപ്പ് | 96/23 കോലാർതൊട്ടി എം സി എഫിന് കുഴൽകിണർ | 5111707201220006 1/7/22 | 84000 | 0 | 84000 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| ഭൂജല വകുപ്പ് | 254/23 കുട്ടിക്കരി അങ്കണവാടിക്ക് കുഴൽ കിണർ | 5111707201220046 18-3-23 | 80935 | 0 | 80935 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| കെ എസ് ഇ ബി | 1/23 തെരുവ് വിളക്ക് മെയിൻ ലൈൻ വലിക്കൽ | 5111707201220022 9-11-22 | 1999982 | - | - | പ്രവൃത്തി നടന്നുവരുന്നു |
| കെ എസ് ഇ ബി | 162/23 തെരുവ് വിളക്ക് മെയിൻ ലൈൻ വലിക്കൽ | 2219095200854071 2-12-22 | 699976 | - | - | പ്രവൃത്തി നടന്നുവരുന്നു |
| കെ എസ് ഇ ബി | 249/23 എ ഡി എസ് ബിൽഡിംഗ് ഇലക്ട്രിക് കണക്ഷൻ | 5111707201220017 6-9-22 | 100000 | 100000 | 0 | പൂർത്തീകരിച്ചു |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ, വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്, ഉദ്ദേശം | സർക്കാർ ഉത്തരവ് നമ്പർ, തീയ്യതി | നാളിതു വരെ എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻ വർഷം എടുത്ത വായ്പ | ഓഡിറ്റ് വർഷം തിരിച്ചടച്ച തുക | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| കെ.യു.ആർ.ഡി.എഫ്.സി ലോൺ | ജി.ഒ.(എം.എസ്) നമ്പർ-124/2018 /എൽ.എസ്.ജി.ഡി തീയ്യതി 11-09-2018 | 11310000 | 8792407 (മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടു പ്രകാരമുള്ള തുക) | ഇല്ല | 1534204 | - | 7258203 + 12800 (സേവിങ്സ് ബാങ്ക് പലിശ) =7271003 * |

വാർഷിക ധനകാര്യ പത്രിക (ബി5 ഷെഡ്യൂൾ) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി ലോൺ ഇനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക 9459589 രൂപയാണ്. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച വ്യത്യാസം പരിഹരിക്കപ്പെട്ടിട്ടില്ല. തൻവർഷം ലഭിച്ച സംസ്ഥാന വിഹിതവും വായ്പയിൽ കൂട്ടിച്ചേർത്തിരിക്കുന്നു. ഇതു സംബന്ധിച്ച്

വ്യക്തമായ രേഖകളൊന്നും പഞ്ചായത്ത് ഹാജരാക്കിയിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1700 |
| തൻ വർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1700 |
| തൻ വർഷം പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1700 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2003-04 | 3.13.2 | 1999-2000 (പദ്ധതി വിഹിതം) | 11 | ഓട്ടോറിക്ഷ വാങ്ങൽ-പ്രോജക്റ്റ് നിർവഹണത്തിലെ അപാകങ്ങൾ | പരാമർശം നിലനിൽക്കുന്നു. (നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയം) |
| 2 | 2003-04 | 3.13.3 | 1999-2000 (പദ്ധതിയേതരം) | 16 | കൺവീനർമാരുടെ കമ്മീഷൻ | പരാമർശം നിലനിൽക്കുന്നു. (നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയം) |
| 3 | 2004-05 | 3.13.1.9.1 | 2001-02 | 8 | മരാമത്ത് പണി- രേഖയില്ലാത്ത ചെലവ് | പരാമർശം നിലനിൽക്കുന്നു. (നിയമസഭാസമിതിയുടെ പരിഗണനയിലുള്ള വിഷയം) |
| 4 | 2005-06 | 2.90.1 | 2000-01 | 3-6 | മുൻകൂർ കൈപ്പറ്റി- പദ്ധതി നടപ്പിലാക്കിയില്ല | പരാമർശം നിലനിൽക്കുന്നു. നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയം |
| 5 | 2005-06 | 2.90.2 | 1999-2000 (പദ്ധതിയേതരം) | 3-4 | കലുങ്ക് പണി -കൺവീനർക്ക് | പരാമർശം നിലനിൽക്കുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | അധികം തുക | നിയമസഭാ സമിതിയുടെ പരിഗണനയില്ലുള്ള വിഷയം |
| 6 | - | - | 2011-12 | 2-1 | ഗ്രാമസഭ-പൊതു അവലോകനം | പരാമർശം നിലനിൽക്കുന്നു. നിയമസഭാ സമിതിയുടെ പരിഗണനയില്ലുള്ള വിഷയം |
| 7 | 2016-17 | 2 | 2014-15, 2015-16 | 2-1 2-2 | തൊഴിൽനികുതി-പൊതു പരാമർശങ്ങൾ | പരാമർശം നിലനിൽക്കുന്നു. നിയമസഭാ സമിതിയുടെ പരിഗണനയില്ലുള്ള വിഷയം |
| 8 | 2020-21 | പേജ് നമ്പർ-348 | 2019-20 | 1-7-1 | സാമൂഹ്യപെൻഷൻ-അനുബന്ധം-1 | പരാമർശം നിലനിൽക്കുന്നു. നിയമസഭാ സമിതിയുടെ പരിഗണനയില്ലുള്ള വിഷയം |
| 9 | 2020-21 | പേജ് നമ്പർ-9 | 2019-20 | 1-7-2 | ഡയരക്ട് ടു ഹോം സംവിധാനം വഴി പെൻഷൻ നൽകി വരുന്ന ഗുണഭോക്താവിന് മരണശേഷവും പെൻഷൻ നൽകി | പരാമർശം നിലനിൽക്കുന്നു. നിയമസഭാ സമിതിയുടെ പരിഗണനയില്ലുള്ള വിഷയം |
| 10 | 2020-21 | പേജ് നമ്പർ-352 | 2019-20 | 1-26 | മെഡിക്കൽ ഓഫീസർമാരുടെ പദ്ധതികൾ | പരാമർശം നിലനിൽക്കുന്നു. നിയമസഭാ സമിതിയുടെ പരിഗണനയില്ലുള്ള വിഷയം |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 55997131 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 46099990 |
| വരവിനങ്ങളിലുള്ള നഷ്ടം | : 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 4903103 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 330416 | ഡോ.അരുൺ ശങ്കർ.യു, മെഡിക്കൽ ഓഫീസർ പി എച്ച് സി |
| 1-28 | 261302 | ഡോ.അരുൺ ശങ്കർ.യു, മെഡിക്കൽ ഓഫീസർ പി എച്ച് സി |
| 1-29 | 131542 | ഡോ.അരുൺ ശങ്കർ.യു, മെഡിക്കൽ ഓഫീസർ പി എച്ച് സി |
| 1-31 | 74000 | ജോസഫ്.കെ.ജെ,<br>ഹെഡ്മാസ്റ്റർ |
| 1-32 | 800000 | ജോസഫ്.കെ.ജെ,<br>ഹെഡ്മാസ്റ്റർ |
| 1-34 | 100000 | ശ്രീമതി.ഹസീന.വി,<br>ഐസിഡി എസ്<br>സൂപ്പർവൈസർ |
| 1-37 | 2964893 | 84000 -ശ്രീ.ഷിഹാബ്.എം, സെക്രട്ടറി<br>100000 -ശ്രീ.ഷിഹാബ്.എം, സെക്രട്ടറി<br>2780893 – ശ്രീ.ശ്രീകുമാർ സി.കെ., സെക്രട്ടറി |
| 1-38 | 100000 | ശ്രീ.ശ്രീകുമാർ സി.കെ.,<br>സെക്രട്ടറി |
| 1-39 | 90950 | ശ്രീ.ഷിഹാബ്.എം, സെക്രട്ടറി |
| 1-40 | 50000 | ശ്രീ.ശ്രീകുമാർ സി.കെ.,<br>സെക്രട്ടറി |
| ആകെ തുക | 4903103 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷൈജ.പി. ഐസിഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ്<br>സൂപ്പർവൈസർ, ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് | തീയ്യക്കണ്ടി,<br>കിനാലൂർ.പി.ഒ,<br>ബാലുശേരി,<br>കോഴിക്കോട് ജില്ല |
| ഡോ.അരുൺ ശങ്കർ.യു, മെഡിക്കൽ ഓഫീസർ പി എച്ച് സി | മെഡിക്കൽ ഓഫീസർ പി എച്ച് സി | മുണ്ടയാനിക്കൽ വീട്,<br>കാഞ്ഞിരങ്ങാട് പി.ഒ |

| | | |
|---|---|---|
| | ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് | കരിമ്പം. |
| ശ്രീ.ശ്രീകുമാർ സി.കെ., സെക്രട്ടറി | സെക്രട്ടറി ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്ത് | ചന്ദ്രകാന്തം കൂവോട് കുറ്റിക്കോൽ.പി.ഒ |
| ശ്രീ.ഷിഹാബ്.എം, സെക്രട്ടറി | സെക്രട്ടറി മലപ്പട്ടം ഗ്രാമ പഞ്ചായത്ത് | ഷമീർ മൽസിൽ കോൾമൊട്ട, പരശ്ശിനിക്കടവ് പി ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം

| ഓഡിറ്റ് വർഷം | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1999-00 (പദ്ധതി വിഹിതം) | നം.കെ.എസ്.എ/കെ.എൻ.ആർ/സി-12 /1411/2022തീയതി 12.10.2022 | 1 | |
| 1999-00 (പദ്ധതിയേതരം) | നം.കെ.എസ്.എ/കെ.എൻ.ആർ/സി-12 /1411/2022തീയതി 12.10.2022 | 1 | |
| 2000-01 | നം.കെ.എസ്.എ/കെ.എൻ.ആർ/സി-12 /1411/2022തീയതി 12.10.2022 | 1 | |
| 2011-12,2012-13 | നം.കെ.എസ്.എ/കെ.എൻ.ആർ/സി-12 /1411/2022തീയതി 12.10.2022 | 3 | |
| 2013-14,2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/സി-12 /1411/2022തീയതി 12.10.2022 | 8 | |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി-12 /1411/2022തീയതി 12.10.2022 | 3 | |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി-12 /1411/2022തീയതി 12.10.2022 | 2 | |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി-12 /1411/2022തീയതി 12.10.2022 | 5 | |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി-12 /1411/2022തീയതി 12.10.2022 | 1 | |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/സി-12 /1368/2021തീയതി 21.10.2022 | 25 | |
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ/സി-12 /857/2022തീയതി 25.06.2022 | 49 | |
| 2021-22 | നം.കെ.എസ്.എ/കെ.എൻ.ആർ/സി-12 /108/2023 തീയതി 22.03.2023 | 17 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 143/23 dated 30-06-2023 and submitted on 03-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chapparapadavu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chapparapadavu Grama Panchayat for the year 2022-2023

Date: 30/10/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Chapparapadavu Grama Panchayat for the Year 2022-2023.

**1.Major Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit.

a)Basic Ratios b) Notes on account revealing the Principles of accounting

2.Cash flow statement

Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents

3. Asset Register is not completed

**2.Other Observations**

1) B-18 Shedule is incomplete.
2)Theamount recorded in the balance sheet Schedule B5 in the head of life housing loan is differ with atual amount. The reason for the difference should be explained.

3) The balance of Distress relief fund in balance Sheet is differ with each other
4) Advance Register is incomplete.

5) Grant statement differ with AFS

6) wrong minus entry was occurred in I6 Shedule

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Chapparapadavu Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2022 to 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 35298515.00 |
| Cash | Cash | RP-40(a) | 107898.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1341290.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1250.00 |
| 140000000 | Fees & User Charges | RP-4 | 1845126.00 |
| 150000000 | Sale & Hire Charges | RP-5 | 312556.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 15829000.00 |
| 171000000 | Interest Earned | RP-9 | 819665.00 |
| 190000000 | Prior Period Income | RP-11 | 169312.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 48881.00 |
| 311000000 | Earmarked Funds | RP-28 | 683.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 15513378.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 16718879.00 |
| 460000000 | Loans, Advances and Deposits | RP-49 | 31443.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 16170.00 |
| 330000000 | Secured Loans | RP-31 | 2212800.00 |
| 340000000 | Deposits Received | RP-33 | 155361.00 |
| 350000000 | Other Liabilities | RP-35 | 981337.00 |
| | Grand total | | 91403544.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 27188.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 48965.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 36000.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6506710.00 |
| 460000000 | Loans, Advances and Deposits | RP-49 | 20000.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 50525.00 |
| 350000000 | Other Liabilities | RP-35 | 39410602.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 45244240.00 |
| Cash | Cash | RP-40(b) | 59314.00 |

| | | |
|---|---|---|
| | Grand Total | 91403544.00 |

## Annex3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Chapparapadavu Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7305156.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 213490.00 |
| 140000000 | Fee & User Charges | I-4 | 2323340.00 |
| 150000000 | Sale & Hire Charges | I-5 | 312556.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 201269429.00 |
| 170000000 | Income from Investments | I-7 | 783654.00 |
| 171000000 | Interest Earned | I-8 | 819665.00 |
| 180000000 | Other Income | I-9 | 819074.00 |
| 190000000 | Prior Period Income | I-19 | 161456.00 |
| | Total Income | | 213846364.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 12916440.00 |
| 220000000 | Administrative Expenses | I-11 | 1639596.00 |
| 230000000 | Operations & Maintenance | I-12 | 1041688.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8755850.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 38240583.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 12154032.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 37974680.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 69167240.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 496470.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 17007.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

## Annex3-3

## ബാലൻസ് ഷീറ്റ്

| Chapparapadavu Grama Panchayat BALANCE SHEET | | | |
|---|---|---|---|
| as on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 72164318.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 13315.00 |
| 312000000 | Reserves | B-3 | 83864989.00 |
| | Total Reserve & Surplus | | 156042622.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14882504.00 |
| | Total Grants, Contributions for Specific Purposes | | 14882504.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 9459589.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 9459589.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1012758.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1773178.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2785936.00 |
| | TOTAL LIABILITIES | | 183170651.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 458900.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 4995229.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 27752692.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 179786366.00 |
| 416000000 | Accumulated Depreciation | B-11(a) | -98324294.00 |
| | Total Fixed Assets | | 114668893.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 12907356.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 12907356.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 6810705.00 |

| | | | |
|---|---|---|---|
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 45303554.00 |
| 460000000 | Loans, Advances and Deposits | B-18 | 3480143.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 55594402.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 183170651.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.